# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10 /1687/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /1687/2023 കെ.എസ്.എ/കെ.എൻ.ആർ/സി.10 തീയ്യതി: 17/11/2023

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2022 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനി. കെ.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷംന കെ.വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 15-04-2022 |
| ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി | സെക്രട്ടറി | 16-04-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷംന. കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീമ. കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-04-2022 |
| ശ്രീമതി. ജീജ | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 20-04-2022 | 20-06-2022 |
| ശ്രീമതി. ഷീമ. കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-06-2022 | 02-08-2022 |
| ശ്രീ. നിമിൽ. ആർ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 03-08-2022 | 16-09-2022 |
| ശ്രീമതി. ഷീമ. കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2022 | 22-09-2022 |
| ശ്രീ. വിലാസ് കുമാർ. സി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 31-03-2023 |
| ശ്രീ. ഹനേഷ് മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2022 | 03-11-2022 |
| ശ്രീ. കൃഷ്ണപ്രസാദ്. ടി | കൃഷി ഓഫീസർ | 04-11-2022 | 09-03-2023 |
| ശ്രീമതി. രാജശ്രീ. കെ.കെ | കൃഷി ഓഫീസർ | 10-03-2023 | 31-03-2023 |
| ശ്രീമതി. പ്രീജയ. സി.കെ | വി.ഇ.ഒ എടയന്നൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ. വിജിൽ. വി | വി.ഇ.ഒ. കീഴല്ലൂർ സർക്കിൾ | 01-04-2022 | 03-11-2022 |
| ശ്രീ. രസിത്ത്. കെ.എം | വി.ഇ.ഒ. കീഴല്ലൂർ സർക്കിൾ | 04-11-2022 | 31-03-2023 |
| ഡോ. രജിഷ. പി.എം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. സ്മിജ. എ.പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സിനി. കെ.ആർ | വെറ്റിനറി സർജ്ജൻ | 01-04-2022 | 30-09-2022 |
| ഡോ. അഭിലാഷ്. ടി | വെറ്റിനറി സർജ്ജൻ | 01-10-2022 | 31-03-2023 |
| ഡോ. അമൃദ. എം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 01-05-2022 |
| ഡോ. അനുപമ. ഇ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 02-05-2022 | 03-01-2023 |
| ഡോ. സുധീർ എളമ്പിലാൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 04-01-2023 | 28-02-2023 |
| ഡോ. ഷിബിൻ പാട്ടകപുതുക്കുടി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-03-2023 | 31-03-2023 |
| ശ്രീ. ശ്രീകുമാർ. ജി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി. സുബിദ. കെ.എ | ഹെഡ് മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ശ്രീമതി. ഗീത കുമാരി. വി.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-12-2022 |
| ശ്രീമതി. സരിത. കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 31-03-2023 |
| ശ്രീ. ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീമതി. ബീന. പി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-07-2022 | 21-08-2022 |
| ശ്രീ. അയൂബ്. ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-08-2022 | 20-12-2022 |
| ബോബി. ആർ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-5 |
| 7 | തൊഴിൽ രഹിത വേതനം I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക യഥാർത്ഥ ചെലവ് തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-6 |
| 8 | Liability Inrespect Of Stale Cheque എന്നശീർഷകത്തിലെ മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-1-7 |
| 9 | സമയ ബന്ധിതമായി ഡിമാ**ൻ**ഡ് എ**ൻ**ട്രി രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിലെ അദർ ലയബിലിറ്റീസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 224345 രൂപയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ബി-9 ഷെഡ്യൂളിലെ താഴെ പറയുന്ന ലയബിലിറ്റി ഹെഡിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത് ആയതിന്റെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല | 1-1-10 |
| 12 | ദുരിതാശ്വാസ നിധി ചെലവ് തുക RP യിൽ പ്രസ്തുത ഹെഡിൽ കാണിച്ചിട്ടില്ല | 1-1-11 |
| 13 | കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | വസ്തു നികുതി – ഭീമമായ കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു | 1-11 |
| 24 | വസ്തു നികുതി - ഉയർന്നതരം തറനിർമ്മിതിക്കു ബാധകമായ 15% നികുതി വർദ്ധനവ് ഡിമാൻഡ് ചെയ്യുന്നില്ല. | 1-12 |
| 25 | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-13 |
| 26 | പൊതു ശൗചാലയ വാടക - കുടിശ്ശിക ഇനത്തിൽ ₹51,996 ഈടാക്കാനാവശേഷിക്കുന്നു | 1-14 |
| 27 | കെട്ടിട വാടക – കുടിശ്ശിക ഈടാക്കി മുറികൾ പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 28 | തനത് വരുമാനം- പൊതു അവലോകനം | 1-16 |
| 29 | ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70768 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 30 | എസ്.എസ്.കെ പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1272360 യുടെ ചെലവ് തടസ്സപ്പേട്ടുത്തുന്നു. | 1-18 |
| 31 | മൃഗ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 32 | ഇലക്ട്രിക്ക് ഓട്ടോറിക്ഷ - രേഖകൾ ലഭ്യമാക്കിയില്ല-₹497000 യുടെ ചെലവ് തടസ്സപ്പെടുത്തുന് | 1-20 |
| 33 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- ₹300192 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | സി.സി ടി.വി - പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല- ₹2500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-₹1908000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 36 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹220000 തടസ്സപ്പെടുത്തുന്നു | 1-24 |
| 37 | മരുന്നുകൾ ലഭ്യമായില്ല - ₹212438 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | സ്ത്രീ പദവി പഠനം -രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹25900 തടസ്സപ്പെടുത്തുന്നു | 1-26 |
| 39 | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, കുക്കർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹106128 തടസ്സപ്പെടുത്തുന്നു | 1-27 |

| | | |
|---|---|---|
| 40 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹164256 തടസ്സപ്പെടുത്തുന്നു | 1-28 |
| 41 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ് | 1-29 |
| 42 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - രേഖകൾ ലഭ്യമാക്കിയില്ല- ₹6,60,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു | 1-31 |
| 44 | ആസ്തി പരിപാലനം - വിവരം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 45 | ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപ്പണി - പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്തില്ല. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1.07.2023 ലെ 62/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 6.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

17-11-2023 ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

1-2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2- തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ

ആകെ ക്യാഷ് ഫ്ളോ 89895430 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 6968292 രൂപയുമാണ്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ആസ്തിമൂല്യം കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

## 1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ബി- 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുക 2456864 രൂപയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 2456846 രൂപയുമാണ്.

## 1-1-5 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-6 തൊഴിൽ രഹിത വേതനം I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക യഥാർത്ഥ ചെലവ് തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

തൊഴിൽ രഹിത വേതനം ഇനത്തിൽ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക 1560രൂപയും യഥാർത്ഥ തുക 4080 രൂപയുമാണ്.

## 1-1-7 Liability Inrespect Of Stale Cheque എന്നശീർഷകത്തിലെ മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

Liability Inrespect Of Stale Cheque എന്നശീർഷകത്തിൽ ബി-9 ഷെഡ്യൂളിൽ 21061 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത ചെക്കുകളിൽ 13056 രൂപയുടെ ചെക്കുകൾ മൂന്ന് വർഷ പൂർത്തീകരിച്ച ചെക്കുകളാണ് . ആയത് പരിശോധിച്ച് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-1-8 സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല.

സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനമായ വരവുകളുടെ പ്രതീക്ഷിത വരവിനനുസരിച്ചും, സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി ഇനത്തിൽ സാമ്പത്തിക വർഷവസാനം 31-3-2023 നാണ് ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-9 വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിലെ അദർ ലയബിലിറ്റീസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 224345 രൂപയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

ബി-4 സെഡ്യൂളിലെ അദർ ലയബിലിറ്റീസ് ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 224345 രൂപയുടെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-10 ബി-9 ഷെഡ്യൂളിലെ താഴെ പറയുന്ന ലയബിലിറ്റി ഹെഡിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത് ആയതിന്റെ കൃത്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

ബി-9 ഷെഡ്യൂളിലെ താഴെ പറയുന്ന ലയബിലിറ്റി ഹെഡിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത്. മേൽതുകകൾ അടവാക്കാതെ കാണിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

A)Recoveries Payable-VAT-1575

B)Govt. And Other Dues Payable -VAT-30733

C)Govt. And Other Dues Payable -Service Tax -65095

D)Govt. And Other Dues Payable -Flood Cess-737

E)Refund Payable-21460

F)Other Creditors -8432

G) Recoveries Payable -Other Recoveries From Employees- 3428

മേൽതുകകളിൽ കാലഹരണപ്പെട്ട നികുതിയായ VAT അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാധ്യത ഹെഡിൽ കാണിച്ചിട്ടുള്ള മറ്റ് നികുതികൾ, മറ്റ് തുകകൾ എന്നിവ ഏതിനത്തിലെ ആണെന്ന് പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

## 1-1-11 ദുരിതാശ്വാസ നിധി ചെലവ് തുക RP യിൽ പ്രസ്തുത ഹെഡിൽ കാണിച്ചിട്ടില്ല

ദുരിതാശ്വാസ നിധിയിൽ അക്കൗണ്ട് പ്രകാരം 25500 രൂപ ചെലവുണ്ടെങ്കിലും RPയിൽ പ്രസ്തുത ഹെഡിൽ പേയ്മെന്റ് കാണിച്ചിട്ടില്ല. പ്രസ്തുത ചെലവ് പേയബിൾ ടു അദർക്രഡിറ്റേഴ്സ് എന്നഹെഡിലാണ് ചെലവായി കാണിച്ചിട്ടുള്ളത്.

## 1-1-12 കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബി-15 ഷെഡ്യൂൾ പ്രകാരം റെന്റ് (അരിയർ) ഇനത്തിൽ ₹491154 കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26-03-2022 തീയതിയിലെ 32 /2022 (1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28-02-2023 ലെ 24/2023(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 102158735 | 62175195 |
| വരവ് | 153755000 | 182274802 |
| ആകെ | 255913735 | 244449997 |
| ചെലവ് | 188650120 | 237815021 |
| നീക്കിയിരിപ്പ് | 67263615 | 6634976 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 66035602 |
| വരവ് | 54527115 |
| ആകെ | 120562717 |
| ചെലവ് | 47558823 |
| നീക്കിയിരിപ്പ് | 73003894 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 8037042 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 19357450 | 19357450 | 18892360 | 465090 |
| വികസനഫണ്ട് എസ്.സി.പി | 0 | 991201 | 991201 | 991201 | 0 |
| മെയിന്റനൻസ് റോഡ് | | 6952300 | 6952300 | 4875644 | 2076656 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് നോൺ റോഡ് | | 4565000 | 4565000 | 4532333 | 32667 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ - ബേസിക് | 317335 | 3218965+ 239474 (പലിശ) | 3775774 | 3681338 | 94436 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 2392714 | 5073524 | 7466238 | 5085071 | 2362428 (ബാങ്ക്) + 18739(ട്രഷറി) |
| ഐസിഡിഎസ് | 5,50,692 | 1292402 | 1843094 | 0 | 1843094 |
| സാക്ഷരത | 21,620 | 621 | 22241 | 118 | 22123 |
| ശുചിത്വം | 838590 | 0 | 838590 | 38590 | 800000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 11240 | 0 | 11240 | 0 | 11240 |
| ഗ്രാന്റ്സ് & ഫണ്ട്&കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പോസ് -സെൻട്രൽ ഗവൺമെന്റ് | 1775 | 0 | 1775 | 0 | 1775 |
| ഗ്രാന്റ്സ് & ഫണ്ട്&കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പോസ് | 35,000 | 0 | 35,000 | 0 | 35,000 |
| അങ്കണ വാടി ബോർഡ് സ്ഥാപിക്കൽ | 46862 | 0 | 46862 | 0 | 46862 |
| ഹെൽത്ത് ഗ്രാന്റ് | 0 | 239574 | 239574 | 74610 | 164964 |
| ഹെൽത്ത് ഗ്രാന്റ് | 0 | 111543 | 111543 | 0 | 111543 |
| ഫണ്ട് ഫോർട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ -ആയുർവ്വേദ | 0 | 500000 | 500000 | 0 | 500000 |
| എംജിഎൻആർഇജിഎസ് | 9149 | 49123848 | 49132997 | 49118729 | 14268 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 178 | 143320058 | 137 | 57173018 | 43 | 41 | 94 | 52.80 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 2332000 | 1952559 | 83.73 |
| വെറ്റിനറി സർജ്ജൻ | 11 | 10 | 2666970 | 2547485 | 95.52 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി | 9 | 8 | 2711447 | 2313257 | 85.31 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 400000 | 389994 | 97.50 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 750000 | 750000 | 100 |
| ഫിഷറീസ് സബ്ഇൻസ്പക്ടർ | 1 | 1 | 160000 | 160000 | 100 |
| വി.ഇ.ഒ | 15 | 10 | 36180035 | 7787987 | 21.53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4694928 | 3634760 | 77.42 |
| ഡയറി ഫാം ഇൻസ്ടക്ടർ | 1 | 1 | 1097480 | 660000 | 60.14 |
| സെക്രട്ടറി | 38 | 22 | 52660600 | 8981474 | 17.10 |
| ഹെഡ് മാസ്റ്റർ | 8 | 2 | 804800 | 261992 | 32.55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 63 | 55 | 37975593 | 27255001 | 71.77 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 886205 | 478509 | 54 |
| ആകെ | 178 | 137 | 143320058 | 57173018 | 39.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9149 | 936984 | 946133 | 931865 | 14268 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48186864 | 48186864 | 48186864 | 0 |
| ആകെ | 9149 | 49123848 | 49132997 | 49118729 | 14268 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6297000 | 423 |
| തൊഴിൽ രഹിത വേതനം | 4080 | 7 |
| വിധവാപെൻഷൻ | 9432500 | 671 |
| വാർദ്ധക്യകാലപെൻഷൻ | 19793500 | 1548 |
| ഭിന്നശേഷി പെൻഷൻ | 3466000 | 251 |
| അവിവാഹിത പെൻഷൻ | 2227400 | 161 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-2023 തീയതിയിൽ 3 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76694 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നിർദ്ദേശം നല്കുകയും, വാതിൽപടി സേവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്താനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ വീതം യോഗം ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2021-22 വർഷത്തെ വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃ പട്ടിക സാധൂകരിക്കൽ, ഐ.എൽ.ജി.എം.എസ് സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തൽ, 2022-23വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ, 2022-23വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി – ഭീമമായ കുടിശ്ശിക ഈടാക്കാനാവശേഷിക്കുന്നു

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻ വർഷ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ₹1,85,322 പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/27-10-2023) കുടിശ്ശിക ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം(1994 ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (ഇ) കാണുക) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി - ഉയർന്നതരം തറനിർമ്മിതിക്കു ബാധകമായ 15% നികുതി വർദ്ധനവ് ഡിമാൻഡ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 മുതൽ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100 മുതൽ 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി, 250 ച. മീറ്ററിന് മുകളിലുള്ള മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് അത്തരം വർദ്ധനവ് നൽകിയിട്ടില്ല.

1. അസസ്മെന്റ് നം : 51165010010318 - 51165010010327

| കെട്ടിട ഉടമയുടെ പേര് : ചെരട്ട്യാന്റകത്ത് കുഞ്ഞിപ്പാത്തുമ്മ | | |
|---|---|---|
| വാർഡ് നം/കെട്ടിട നം | തറ വിസ്തീർണ്ണം(ച.മീ.) | ഈടാക്കുന്ന വസ്തുനികുതി |
| 4/5A | 41.42 | 3015 (BT+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5B | 42.80 | 3116 (BT+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5C | 21.76 | 1585 (BT+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5D | 21.76 | 1585 (BT+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5E | 22.50 | 1638 (BT+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5F | 22.50 | 1557 (BT-ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5G | 21.76 | 1507 (BT-ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5H | 21.76 | 1507 (BT-ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |

| | | |
|---|---|---|
| 4/5 I | 21.40 | 1482<br>(BT-ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 4/5J | 79.78 | 5517<br>(BT-ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| ആകെ | 294.94 | |

2.അസസ്സ്മെന്റ് നം : 51165010010363 – 5116501001037

| കെട്ടിട ഉടമയുടെ പേര് : കെ.വി.സീന | | |
|---|---|---|
| വാർഡ് നം/കെട്ടിട നം | തറ വിസ്തീർണ്ണം(ച.മീ.) | ഈടാക്കുന്ന വസ്തുനികുതി (BT-10%ഇളവ്+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 7/159A | 77.91 | 474 |
| 7/159B | 44.80 | 273 |
| 7/159C | 41.84 | 256 |
| 7/159D | 82.06 | 499 |
| 7/159E | 91.46 | 557 |
| ആകെ | 338.07 | |

3. അസസ്സ്മെന്റ് നം : 51165010010273 – 51165010010276

| കെട്ടിട ഉടമയുടെ പേര് : ആലോറ ഗോവിന്ദൻ | | |
|---|---|---|
| വാർഡ് നം/കെട്ടിട നം | തറ വിസ്തീർണ്ണം(ച.മീ.) | ഈടാക്കുന്ന വസ്തുനികുതി (BT-10%ഇളവ്+20%വർദ്ധനവ്+ലൈബ്രറി സെസ്സ്) |
| 1/471B | 79.15 | 481 |
| 1/471C | 65.16 | 396 |
| 1/471D | 79.15 | 481 |
| 1/471E | 77.66 | 473 |
| ആകെ | 301.12 | |

മേൽ അപാകത സംബന്ധിച്ച് 23/28-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടത്തിനെ സംബന്ധിച്ച ഫോം 6 വിവരങ്ങൾ എല്ലാം തന്നെ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയത് പ്രകാരം സോഫ്റ്റ്‌വെയർ തന്നെയാണ് ഓട്ടോമാറ്റിക് ആയി നികുതി നിർണ്ണയം നടത്തുന്നത് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിൽ

ലഭ്യമാകേണ്ടിയിരുന്ന വർദ്ധനവ് (15%) സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വിവരം സോഫ്റ്റ് വെയർ സേവന ദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ FTE & OS ലൈസൻസ് എടുത്ത/പുതുക്കിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | നിത്യജ്യോതി മെഡിക്കൽസ് (I/747,748) | നീതി. എം ജീന കുമാർ നിവാസ് എടചൊവ്വ | 477/2022-23 | 2 |
| 2 | SU സ്ക്വയർ എന്റർപ്രൈസസ് (II/568,569) | കെ. സുധീർ മലാപ്പറമ്പ് കോഴിക്കോട് | 460/2022-23 | 2 |
| 3 | അപെക്സ് ഏജൻസിസ് (VI/312 B) | രഭൂഷ്. ഓ.വി പാലയാട് | 545/2022-23 | 4 |
| 4 | ശിവകാന്ത് ജ്വല്ലേർസ് (കെട്ടിട നമ്പർ ലൈസൻസിൽ രേഖപ്പെടുത്തിയിട്ടില്ല) | സുരേഷ്. എസ്.വി ചക്കരക്കൽ | 632/2022-23 | 2 |

ഇത് സംബന്ധിച്ച് നൽകിയ 15/27-09-2023 ഓഡിറ്റ് എൻക്വയറിക്ക് മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ പ്രസ്ഥാവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊണ്ട് തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 പൊതു ശൗചാലയ വാടക - കുടിശ്ശിക ഇനത്തിൽ ₹51,996 ഈടാക്കാനാവശേഷിക്കുന്നു

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം പൊതു ശൗചാലയ വാടക കുടിശ്ശിക ഇനത്തിൽ ₹51,996 പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കുടിശ്ശിക ഈടാക്കാൻ

സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/27-10-2023) പ്രസ്തുത ശൗചാലയം 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ ലേല പ്രകാരം കൈവശം വെച്ചിരുന്ന ബീരാൻ കോയ. എം.ടി എന്നവർ ടി കാലയളവിലെ വാടക അടവാക്കാത്തതിനാൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തി തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിട വാടക – കുടിശ്ശിക ഈടാക്കി മുറികൾ പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷ കുടിശ്ശികയായി ₹1,09,752 യും മുൻവർഷങ്ങളിലെ കുടിശ്ശികയായി ₹4,91,154 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

1. മുൻവർഷങ്ങളിലെ വാടക കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാടകക്കാരന്റെ പേര്, റൂം നമ്പർ | വർഷം | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| കെ പി പ്രഭാകരൻ, കോറോത്ത് പുരയിൽ, കണ്ടംകുന്ന്, നീർവേലി പിഒ, നിർമ്മലഗിരി. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, റൂം നമ്പർ VI 301 | 2017-18 | 7166 | 85992 | 35830 | 50162 |
| | 2018-19 | 7166 | 85992 | - | 85992 |
| | 2019-20 | 7524 | 90288 | - | 90288 |
| | 2020-21 | 7900 | 94800 | - | 94800 |
| | 2021-22 | 8710 | 104520 | | 104520 |
| ജസീല. പി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, റൂം നമ്പർ VI /306 | 2021-22 | 8174 | 81740 | 16348 | 65392 |
| ആകെ | | | 543332 | 52178 | 491154 |

2. തൻവർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര്, റൂം നമ്പർ | വർഷം | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| കെ പി പ്രഭാകരൻ, കോറോത്ത് പുരയിൽ, കണ്ടംകുന്ന്, നീർവേലി പിഒ, നിർമ്മലഗിരി. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, റൂം നമ്പർ VI /301 | 2022-23 | 9146 | 109752 | - | 109752 |
| ആകെ | | | 109752 | - | 109752 |

ജി.എസ്. ടി, പിഴപ്പലിശ എന്നിവയടക്കം ആറ് ലക്ഷത്തിലധികം രൂപ വരുന്ന വാടക കുടിശ്ശിക ഈടാക്കാൻ ഗ്രാമ

പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, വാടക കുടിശ്ശിക വരുത്തിയ വാടകക്കാരനിൽ നിന്നും പ്രസ്തുത മുറികൾ തിരിച്ചെടുത്ത് പുനർലേലം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് ഓഡിറ്റ് അന്വേഷണത്തിന് (നം.32/28-10-2023) കുടിശ്ശിക ഈടാക്കുന്നതിന് കേസ് നടന്നു വരികയാണ് (കേസ് നമ്പർ CS NO.02/2018) എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തി വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായും കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. തനത് വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി,നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക, ബസ് സ്റ്റാൻഡ് വാടക, പബ്ലിക് ടോയ്‌ലറ്റ് വാടക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I)വസ്തുനികുതി – 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ)നമ്പർ 77/2023/തസ്വഭവ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 26.08.2023 തീയതിയിലെ 3/78/24 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

II)തൊഴിൽ നികുതി.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ

തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 604 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV)FTE&OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല). ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

V)കെട്ടിട വാടക,ബസ് സ്റ്റാൻഡ് വാടക ,പബ്ലിക് ടോയ്‌ലറ്റ് വാടക

പ്രസ്തുത ഇനങ്ങളിൽ ഭീമമായ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നുണ്ട്.കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി

പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ട കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-17 ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70768 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | 93/23, ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹70768 വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹70768 |
| ബിൽ നമ്പർ, തീയതി | 60/20-09-2022 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് അടച്ച് നൽകേണ്ടതുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ₹70768 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (18/27-10-2022) മറുപടിയായി 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് കാരണം ഓഡിറ്റ് തടസ്സം വന്നിട്ടുണ്ടെങ്കിൽ ഈ കത്തിന്റെ അടിസ്ഥാനത്തിൽ മറുപടി നല്കണമെന്നമെന്നുമുള്ള ഐ.കെ.എം അഡ്മിനിസ്ട്രേഷൻ കൺട്രോളറുടെ 26-09-2023 ലെ 762/എ7/ഐ.കെ.എം/2023 കത്താണ് സമർപ്പിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹70768 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 എസ്.എസ്.കെ പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1272360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | 92/23, എസ്.എസ്.കെ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹1626422 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹1272360 |
| ബിൽ നമ്പർ, തീയതി,തുക | 57/15-09-2022, ₹282360<br>346/30-03-2023, ₹990000<br>ആകെ- ₹1272360 |

എസ്.എസ്.കെ ബ്ലോക്ക് പ്രൊജക്റ്റ് കോഓർഡിനേറ്ററുടെ 20-03-2022 ലെ കത്ത് പ്രകാരം അയച്ചുകൊടുത്ത എസ്.എസ്.കെയുടെ 2022-23 വർഷത്തെ ആനുവൽ വർക്ക് പ്ലാൻ&ബജറ്റ് പ്രകാരം പഞ്ചായത്ത് വിഹിതമായി മേൽ ബില്ലുകൾ പ്രകാരം ₹1272360 എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രൊജക്റ്റ് കോഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-79901270000) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം 84/2022/ത.സ്വ.ഭ.വ തീയ്യതി 19.01.2022) ഖണ്ഡിക 8.6(3) ൽ എസ്.എസ്.കെ പ്രോജക്റ്റിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ എസ്.എസ്.കെ പ്രോജക്റ്റിന്റെ കർമ്മപരിപാടി തയ്യാറാക്കിയതും നടപ്പിലാക്കിയതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആണോ എന്നും മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/25-10-2023) മറുപടി നല്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും ഈ ഇനത്തിലെ ₹1272360 ചെലവ് തടസ്സപ്പെടുത്തുന്നു. എസ്.എസ്.കെ പ്രോജക്റ്റിന്റെ നിർവഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പൂർണ്ണ പങ്കാളിത്തമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖകളും, കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്,

## 1-19 മൃഗ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 203/23, മൃഗ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | ₹100000 വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹100000 |
| ബിൽ നമ്പർ, തീയതി | 247/18-03-2023 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവിൽ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്റ്റായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് ₹100000 (അക്കൗണ്ട് നമ്പർ-79901140000958) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/27-10-2023) മറുപടി നല്കിയിട്ടില്ല, വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഈ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പരിപാടികളുടെ വിശദവിവരവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഇലക്ട്രിക്ക് ഓട്ടോറിക്ഷ - രേഖകൾ ലഭ്യമാക്കിയില്ല-₹497000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 111/23, ഇലക്ട്രിക്ക് ഓട്ടോറിക്ഷ |
| അടങ്കൽ | ₹400000 നഗരസഞ്ചയ, കണ്ണൂർ കോർപ്പറേഷൻ ഫണ്ട്<br>₹100000 തനത് ഫണ്ട്<br>ആകെ -₹500000 |
| ചെലവ് | ₹400000 നഗരസഞ്ചയ, കണ്ണൂർ കോർപ്പറേഷൻ ഫണ്ട്<br>₹97000 തനത് ഫണ്ട്<br>ആകെ -₹497000 |
| വൗച്ചർ നമ്പർ, തീയതി, തുക | 22201113/31-03-2023. ₹97000<br>22201159/31-03-2023. ₹400000<br>ആകെ -₹ 4,97,000 |

മേൽ പ്രോജക്ട് പ്രകാരം മാലിന്യ ശേഖരണത്തിനായി HAPPY HANDS GLOBAL, Pathiyoor,Alapuzha എന്ന സ്ഥാപനത്തിൽ നിന്ന് GeM Portal വഴി ഇലക്ട്രിക്ക് ഓട്ടോറിക്ഷ (E-Cart For Garbage With Tipping Facility, (Brand – MAC Auto India) വാങ്ങുന്നതിനായി ₹497000 HAPPY HANDS GLOBAL, എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (152705500147) കൈമാറിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) വാഹനം ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളും, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല.

2)വാഹനം മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3) വാങ്ങിയ വാഹനം ശുചിത്വ മിഷൻ നിഷ്കർഷിച്ച സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാണോ എന്ന് വ്യക്തമല്ല.

4) വാഹനം ഓടിക്കുന്നതിനായി ഡ്രൈവറെ ഏർപ്പാടാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എങ്ങിനെയാണ് വാഹനം ഓടിക്കുന്നത് എന്നും വ്യക്തമല്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39/30-10-2023) മറുപടി നല്കിയിട്ടില്ല.. മേൽ പരാമർശിച്ച രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ₹497000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- ₹300192 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 182/23, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹300000 വികസനഫണ്ട്, പൊതുവിഭാഗം<br>₹5000 തനത് ഫണ്ട്<br>ആകെ- ₹305000 |
| ചെലവ് | ₹300000 വികസനഫണ്ട്, പൊതുവിഭാഗം<br>₹192 തനത് ഫണ്ട്<br>ആകെ- ₹300192 |
| ബിൽ/വൗച്ചർ നമ്പർ, തീയതി,തുക | 96/09-12-2022, ₹300000 വികസനഫണ്ട്<br>22300010/23-12-2022, ₹192 തനത് ഫണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ അമിതമായ നിലയിലുള്ള വൈദ്യുതി ബിൽ തുക കുറച്ചുകൊണ്ട് വരുന്നതിന് മീറ്ററുകൾ ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് മെയിൻ കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് ഇത്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ₹300192 കെ.എസ്.ഇ.ബി യിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| സ്ഥാപനം | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,ചക്കരക്കൽ | 67045161720 | 125080 |

| | | |
|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചാലോട് | 67220667330 | 87556 |
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മട്ടന്നൂർ | 57067055462 | 87556 |
| ആകെ | | 300192 |

മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് 28/29-10-2023 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1) മേൽ പ്രോജക്ട് പ്രകാരം സ്ട്രീറ്റ് മെയിൻ കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എണ്ണം സ്ഥാപിച്ചു എന്നുമുള്ള വിവരങ്ങൾ.

2) സ്ട്രീറ്റ് മെയിൻ കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബില്ലിൽ കുറവ് വന്നിട്ടുണ്ടോ എന്ന വിവരം.

3) പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ.

എന്നാൽ മേൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. മേൽ പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (2/20-10-2023) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ ₹300192 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.07.2022 ലെ ഡിഎ1 179/22 നമ്പർ സർക്കുലറിലെ നിബന്ധനകൾ പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 സി.സി ടി.വി - പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല-₹2500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 181/23, സി.സി ടി.വി |
| അടങ്കൽ | ₹2450000 നഗര സഞ്ചയ,കണ്ണൂർ കോർപ്പറേഷൻ<br>₹50000 തനത് ഫണ്ട്<br>ആകെ- ₹2500000 |
| ചെലവ് | ₹2450000 നഗര സഞ്ചയ,കണ്ണൂർ കോർപ്പറേഷൻ<br>₹50000 തനത് ഫണ്ട്<br>ആകെ- ₹2500000 |
| ചെക്ക് നമ്പർ, തീയതി, തുക | 1) 014797 തീ. 30.03.2023, ₹50,000<br>2) 014931 തീ. 31.03.2023, ₹ 24,50,000<br>ആകെ – ₹25,00,000 |

രാത്രികാലങ്ങളിൽ മാലിന്യങ്ങൾ തള്ളുന്നതായി ശ്രദ്ധയിൽപ്പെട്ട നാഗവളവ്, കീഴല്ലൂർ എന്നീ സ്ഥലങ്ങളിൽ സി.സി ടി.വി സംവിധാനം ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് ഇത്. മേൽ പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1) ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് (സ്ഥാപനം, കമ്പനി മുതലായവ) രണ്ട് ശതമാനം നിരക്കിലുമാണ്. മേൽ പ്രവൃത്തി നിർവഹണം നടത്തിയ നിക്ഷാൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽനിന്ന് 2% നിരക്കിൽ ആദായ നികുതി ഈടാക്കുന്നതിന് പകരം 1% നിരക്കിൽമാത്രമാണ് ഈടാക്കിയത്. മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹2079870x 2%) ₹41597

ആദായ നികുതി ഈടാക്കുന്നതിന് പകരം ₹ 20799 മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹ 20798 കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് അധികം നല്കിയിട്ടുണ്ട്. അധികം നല്കിയ തുക കരാർ ഏറ്റെടുത്ത സ്ഥാപനത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2) നിലവിൽ സി.സി ടി.വി സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ എന്നും ഇത് മോണിറ്റർ ചെയ്യാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/28-10-2023) മറുപടി നല്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ഈ ഇനത്തിലുള്ള ₹2500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ആദായ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന തുക കരാർ ഏറ്റെടുത്ത സ്ഥാപനത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്. ആദായനികുതി ഒടുക്കിയതിന്റെ രേഖകളും നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹1908000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 16/2023, സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ |
| അടങ്കൽ | ₹1908000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹1908000 |
| ബിൽ/വൗച്ചർ നമ്പർ, തീയതി,തുക | 280/25-03-2023,₹1732363<br>345/30-03-2023,₹175637<br>ആകെ- ₹1908000 |

ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ₹1908000 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ പ്രവൃത്തി നടപ്പിലാക്കി വരുകയാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും 2/20-10-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1908000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തിയിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.03.2022 ലെ ഡിഎ1 64/22, 10.07.2022 ലെ ഡിഎ1 179/22 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹220000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, |
| പ്രോജക്ടിന്റെ നമ്പർ | 163/23 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹220000 വികസനഫണ്ട് -എസ്.സി.പി |
| ചെലവ് | ₹215000 ബിൽ നം : 117/21-12-23<br>₹5000 ബിൽ നം : 174/8-2-23<br>ആകെ- ₹220000 |

മേൽ പദ്ധതി പ്രകാരം പട്ടികജാതിക്കാരായ 10 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 അനുസരിച്ച് സംസ്ഥാനസർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാറുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാതരം കോഴ്സിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക്ക് വർഷങ്ങളിലും മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) 25000രൂപ സ്കോളർഷിപ്പ് അനുവദിച്ച ആലാപ്. പി,വി എന്ന വിദ്യാർത്ഥി പഠനം നടത്തുന്ന കോഴ്സ് സംബന്ധിച്ച് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) മാർഗ്ഗരേഖപ്രകാരം പോളിടെക്നിക്ക്/ഐ.ടി.ഐ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 20000രൂപ ധനസഹായം

അനുവദിക്കാവുന്നതാണ്. എന്നാൽ ഐ.ടി.ഐ വിദ്യാർത്ഥികളായ പ്രണവ്. കെ.വി, റിത്വിജ്. കെ.പി എന്നി വിദ്യാർത്ഥികൾക്ക് 15000രൂപയാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്.

3) സ്കോളർഷിപ്പ് അനുവദിച്ച ശ്വേത. എ.കെ, അർജ്ജുൻ. പി എന്നീ വിദ്യാർത്ഥികൾ മാത്രമേ പട്ടികജാതി വികസന വകുപ്പിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്നസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളൂ. മറ്റ് വിദ്യാർത്ഥികൾക്ക് വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/25-10-23) ലഭ്യമാക്കിയ മറുപടിയിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് 15000 രൂപ സ്കോളർഷിപ്പ് നൽകിയത് എന്നും മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2022-23 വർഷത്തെ പ്രോജക്ടുകൾക്ക് പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകളാണ് ബാധകം. പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതി നിർവ്വഹണം നടത്തേണ്ടതും വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ ₹220000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമായില്ല - ₹212438 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 7/23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,00,000 |
| ബിൽ നം/തീയതി | 1/2022-23, 15-12-2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ആകെ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹87,562 യുടെ മരുന്നുകൾ (Tax Invoice No.LF-607/21-07-2023) ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ₹212438 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/26-10-2023) ₹87,562 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും ബാക്കിയുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കുമെന്ന് ഹോംകോ അധികൃതർ അറിയിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. ലഭ്യമാവാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായി ഹോംകോ ക്ക് മുൻകൂറായി നല്കിയ ₹212438 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 സ്ത്രീ പദവി പഠനം -രേഖകൾ ലഭ്യമാക്കിയില്ല- ചെല്വ് തുക ₹25900 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 136/23, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹100000 വികസനഫണ്ട് |
| ചെലവ് | ₹41750 |
| ബിൽ നമ്പർ,തീയതി,തുക | 300/28-3-23 ₹41750 |

പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യാവസ്ഥ പഠന വിധേയമാക്കി വിവരങ്ങൾ ശേഖരിക്കുകയും സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയുള്ളതാണ് മേൽ പദ്ധതി. പ്രസ്തുത പദ്ധതിയിൽ 60 പേർക്ക് ഏകദിന പരിശീലനം നൽകുന്നതിനുള്ള ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ ബിൽ പ്രകാരം പരിശീലനത്തിന്റെ ബാനർ-₹500, ഫോട്ടോ-₹500, സ്റ്റേഷനറി -₹1800, റിസോഴ്സ് പേഴ്സൺ ഹോണറേറിയം-₹2250 പരിശീലനത്തിന്റെ ഭക്ഷണ ച്ചെലവ് -₹10800 ട്രെയിനീസിന് ടി.എ -₹25900 എന്നീ ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) പരിശീലനത്തിൽ പങ്കെടുത്ത 74 ട്രെയിനികൾക്ക് 350 രൂപ നിരക്കിൽ യാത്രാബത്ത ഇനത്തിൽ ₹25900

നൽകിയതിന് ആധാരമായ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2) പരിശീലനത്തിന് ശേഷം നടന്ന വാർഡ്തല സർവ്വേ, റിപ്പോർട്ട് ക്രോഡീകരണം, തുടർ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/30-10-23) ലഭ്യമാക്കിയ മറുപടിയിൽ വാർഡ്തല സർവ്വേ, റിപ്പോർട്ട് ക്രോഡീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ 2023-24 വർഷം നടക്കുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത നൽകിയതിന് ആധാരമായ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പരിശീലനത്തിൽ പങ്കെടുത്ത ട്രെയിനികൾക്ക് യാത്രാബത്ത നല്കിയ ഇനത്തിലുള്ള ₹25900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യാത്രാബത്ത അനുവദിക്കാൻ അനുമതി നല്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, കുക്കർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹106128 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 137/23, അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ ,കുക്കർ വിതരണം |
| അടങ്കൽ | ₹50000 വികസനഫണ്ട്<br>₹56128 (മെയിന്റൻസ് ഗ്രാന്റ് -നോൺ റോഡ് )<br>ആകെ – ₹ 106128 |
| ചെലവ് | ₹106128 |
| ബിൽ നമ്പർ,തീയതി,തുക | 120/21-12-22 ₹56128 -മെയിന്റൻസ് ഗ്രാന്റ് -നോൺ റോഡ്<br>119/21-12-22 ₹50000- വികസന ഫണ്ട് |

അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ ,കുക്കർ വിതരണം എന്ന പദ്ധതി പ്രകാരം 18 കുക്കർ 18 ഗ്യാസ് സ്റ്റൗ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . ആയതിനായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ ആറ് ടെണ്ടറുകളിൽ അനു ഏജൻസീസ് ;ചെക്കിക്കുളം എന്നസ്ഥാപനത്തിന്റെ ടെണ്ടർ (പ്രസ്റ്റിജ് കുക്കർ – ₹2398 ,പ്രസ്റ്റിജ് ഗ്യാസ് സ്റ്റൗ -₹3498 ) എന്ന ടെണ്ടർ ഭരണ സമിതിയുടെ 28-11-22തീയതിയിലെ 8/143/22നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു .പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു
1) സമർപ്പിച്ച ടെണ്ടറുകളിൽ കെ ബാലൻ നമ്പ്യാർ & സൺസ്സ് (പീജിയൻ കുക്കർ 1890,പീജിയൻ ഗ്യാസ് സ്റ്റൗ -1990) ഫിഡ്കോ എന്റർപ്രൈസസ്സ് (പീജിയൻ കുക്കർ ₹2320, ബട്ടർ ഫ്ളൈ ഗ്യാസ് സ്റ്റൗ -3040 ),ക്രസ്ൻ്റ് മെറ്റൽ ഇൻഡസ്ട്രീസ് – (ബട്ടർ ഫ്ളൈ കുക്കർ 2288, പീജിയൻ ഗ്യാസ് സ്റ്റൗ -2535 ), നിക്ഷാൻ ഇലക്ട്രോണിക്സ്-പീജിയൻ കുക്കർ -1900.ബട്ടർ ഫ്ളൈ ഗ്യാസ് സ്റ്റൗ-2900),ഡ്രീം ഹോം ഫർണിച്ചർ (പീജിയൻ കുക്കർ-2347,പീജിയൻ ഗ്യാസ് സ്റ്റൗ -2568) എന്നിങ്ങനെ വിവിധ കമ്പനികൾ കുക്കർ ഗ്യാസ് സ്റ്റൗ എന്നിവക്ക് അനു ഏജൻസീസ് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്കുള്ള മറ്റ് കമ്പനികളുടെ അതേ സ്പെസിഫിക്കേഷൻ ഉള്ള ടെണ്ടറുകൾ പരിഗണിക്കാതെ അനു ഏജൻസീസ് സമർപ്പിച്ച പ്രസ്റ്റിജ് കുക്കർ& ഗ്യാസ് സ്റ്റൗ എന്നതിന്റെ ടെണ്ടർ പരിഗണിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.
2) പർച്ചേസിംഗ് കമ്മിറ്റി സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയിട്ടാണ് ഉയർന്ന നിരക്കിലെ ടെണ്ടർ സ്വീകരിച്ചത് എന്ന് വ്യക്തമാക്കുന്ന പർച്ചേസിംഗ് കമ്മിറ്റി തീരുമാനം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ38/30-10-23) ലഭ്യമാക്കിയ മറുപടിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ ബാലൻ നമ്പ്യാർ & സൺസ് എന്ന സ്ഥാപനം EMD സമർപ്പിക്കാത്തതിനാലാണ് ടി സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതിരുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മറ്റ് സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചാണ് വാങ്ങിയത് എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അത് സംബന്ധിച്ച് പർച്ചേസിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നു എന്ന് മാത്രമാണ് മിനുട്സിൽ കാണിച്ചിട്ടുള്ളത്. പർച്ചേസിംഗ് കമ്മിറ്റി മിനുട്സിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ തള്ളാനുള്ള കാരണം, സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇവ രേഖപ്പെടുത്തിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹106128 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-28 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹164256 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീഴല്ലൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 113/23, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹164256, തനത് ഫണ്ട് |
| ചെലവ് | ₹164256 |
| ബിൽ നമ്പർ,തീയതി,തുക | 332/29-3-23, ₹ 164256 |

ക്ലീൻകേരള കമ്പനിയുടെ ഇൻവോയ്സ് നം. D22/SER 21-22/448 തീയതി 31-1-2022 പ്രകാരം 13920kg പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ശേഖരിച്ചതിന് ₹164256 ക്ലീൻകേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് നം. D22/SER21--22/448 തീയതി 31-1-2022 പ്രകാരമുള്ള ₹164256 യ്ക്ക് ആനുപാതികമായ പാഴ്വസ്തുക്കളുടെ തൂക്കം രേഖപ്പെടുത്തിയ വെയിംഗ് ബ്രിഡ്ജ് രസീത്, ക്ലീൻകേരള കമ്പനി അജൈവ മാലിന്യം സ്വീകരിച്ചതു സംബന്ധിച്ച രേഖ, വെയ്സ്റ്റ് കൈമാറിയതായുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഹരിതകർമ്മസേനയുടെ വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ, ഹരിതകർമ്മസേന വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/28-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹164256 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ / പേര് | 143/23 – പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹4,37,500 (വികസനഫണ്ട് -ജനറൽ)<br>₹4,37,500 (മറ്റുള്ളവ)<br>ആകെ – ₹8,75,000 |
| ചെലവ് | ₹4,37,500 (വികസനഫണ്ട് -ജനറൽ) |
| ബിൽ നം./തീയ്യതി/<br>തുക | 22220252008801182719 / 14-02-2023 (₹4,37,500) |

ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് ശാസ്ത്രീയമായി സമീകൃത കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%) ,സംസ്ഥാനസർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്നായി ആകെ ₹4,37,500 (35x12500) (4-6 മാസം പ്രായമുള്ള 35 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി (35x12500)) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നൽകിയ തുകയുടെ വിനിയോഗ പുരോഗതി/വിനിയോഗ സാക്ഷ്യപത്രം,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/25-10-2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക്അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-30 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - രേഖകൾ ലഭ്യമാക്കിയില്ല-₹6,60,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 115/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |

| | |
|---|---|
| അടങ്കൽ | ₹6,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹ 1,97,480 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹10,97,480 |
| ചെലവ് | ₹6,00,000 വികസന ഫണ്ട്(പൊതു വിഭാഗം),<br>₹60,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹6,60,000 |
| ബിൽ നമ്പർ, തീയതി, തുക | വികസന ഫണ്ട്(പൊതു വിഭാഗം),<br>1). 197/23-02-2023, ₹491865<br>2) 211/04-03-2023, ₹14178<br>3) 242/16-03-2023, ₹20091<br>4) 241/16-03-2023, ₹73866<br>ആകെ ₹ 6,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>1) 232323/23.2.23, ₹60,000 |

28-05-2022 ലെ സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (9) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2022-23 വർഷം ആകെ ₹6,60,000 സബ്സിഡി അനുവദിച്ച ഇനത്തിൽ ചെലവുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം അനുവദിക്കപ്പെട്ട സബ്സിഡി തുക ഗുണഭോക്താളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (34/30-10-2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ₹6,60,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു. തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തു

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേര്, ആധാർ നമ്പർ | പെൻ ഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ | മരണ പ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ തുക അവസാനമായി വിതരണം ചെയ്ത മാസം | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 1 | ശ്രീധരൻ കെ 456144595727 | 111650200445 | 35/2022 | 7-04-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 8/2022 | 1600x4 =6400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | അനന്തൻ.പി 994710245559 | 111650200336 | 40/2022 | 21-04-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 8/2022 | 1600x4 =6400 |
| 3 | പി യശോദ 757222318096 | 111650100621 | 55/2022 | 30-04-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 8/2022 | 1600x4 =6400 |
| 4 | യശോദ ടി 587593527428 | 111650600538 | 64/2022 | 24-05-2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 6/2022 | 1600 |
| 5 | വിജയൻ നമ്പ്യാർ. കെ എം (ആധാർ നമ്പർ ലഭ്യമല്ല) | 111650200839 | ലഭ്യമല്ല | 31-10-2022 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 11/2022 | 1600 |
| ആകെ | | | | | | | 22,400 |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്.മേൽ പരാമർശിച്ച വ്യക്തികളുടെ പെൻഷൻ അക്കൗണ്ട് സസ്‌പെൻഡ് ചെയ്ത് അധികം നൽകിയ പെൻഷൻ തുക (₹22,400) ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/30-10-2023) പ്രസ്തുത വ്യക്തികളുടെ പെൻഷൻ അക്കൗണ്ട് സസ്‌പെൻഡ് ചെയ്തിട്ടുണ്ടെന്നും മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിലേക്ക് നൽകിയ പെൻഷൻ തുക ഈടാക്കുന്നതിന്/തിരിച്ചടക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്(കത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കി). അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക(₹22,400) പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/C No 01101023000269 (IFSC-KSBK0000101) തിരിച്ചടച്ച വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച ധനകാര്യ (SFC Cell) ന്റെ 05.11.2020 ലെ 67/20 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-32 ആസ്തി പരിപാലനം - വിവരം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ കമ്മിറ്റിയുടെ മിനട്സ് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/20-10-2023) മറുപടി നല്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

### 1-33 ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപ്പണി - പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്തില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 32/23 ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപ്പണി |
| അടങ്കൽ | ₹240000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹212763 ബിൽ നമ്പർ . 77/28/10/22 |
| എം. ബുക്ക് നമ്പർ | 31/21-22 |
| കരാറുകാരൻ | പി പി പുരുഷോത്തമൻ |

പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഇനം പ്രവർത്തി നടത്തിയിട്ടുണ്ട്. ഇതിനോട് അനുബന്ധമായി പൊളിച്ചു മാറ്റിയ വസ്തുക്കൾ സ്റ്റോക്ക് ചെയ്യുകയോ, ലേലം ചെയ്യുകയോ, മറ്റു രീതിയിൽ ഉപയോഗപ്പെടുത്തിയതായോ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1) Dismantling Roofing Including Ridges, Hips, Velleys And Gutters Etc........ G S Sheet - 94.01m2

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31 / 28-10-23) നൽകിയ മറുപടിയിൽ മേൽ വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേലം ചെയ്ത വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 20-10-2023, 21-10-2023 | കെ.എസ്.എ/കെ.എൻ.ആർ/സി10/1687/2023 തീയതി: 17-11-2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 47312 | 13/2023 – ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 47312 | 0 |
| | 2022-23 | 976540 | 44/2023 – ദുരന്ത നിവാരണ പദ്ധതി – ചാലിൽ ഇ.എം.എസ് നഗറിൽ ഷെൽട്ടർ നിർമ്മാണം | 976540 | 0 |
| | 2022-23 | 199924 | 3/2023 – സമ്പൂർണ്ണ പാലിയേറ്റീവ് ജില്ല പരിചരണ പദ്ധതി | 199924 | 0 |
| | | 60000 | 115/2023 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60000 | |
| ആകെ | | 1283776 | | 1283776 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 290340 | 13/2023 – ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 290340 | 0 |
| ആകെ | | 290340 | | 290340 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 16/2023- സ്ട്രീറ്റ് ലൈറ്റിന് ലൈൻ | 280/25-03-2023 ₹1732363 345/30-03-2023 ₹175637 | ₹1908000 | 0 | ₹1908000 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ | | | | |
| | 182/2023-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 796/09-12-2022 ₹300000 | ₹300192 | 0 | ₹300192 |
| | ആകെ | | ₹2208192 | 0 | ₹2208192 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 20000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 20000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തുക |
|---|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 174/02.07.2006 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-9 | 2002-03 | 13.2 | ജനകീയാസൂത്രണപദ്ധതി - ചെലവുകൾ ഹാജരാക്കിയിട്ടില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 10 | 2003-04 | 3.13.17 | പ്രോജക്ട് നമ്പർ 2 എൽപി വീഭാഗം പഠന കേന്ദ്രം പ്രോജക്ട് തുടങ്ങുന്നതിനുമുമ്പേ ചെലവഴിച്ചു | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 14 | 2003-04 | 3.13.17 | ഗ്രാമീണ വൈദ്യുതീകരണം തുക നൽകിയതിലെ അപാകങ്ങൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(3) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(4) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-00 | 25 | 2004-05 | 3-13-3(1) | വീട് അറ്റകുറ്റപ്പണി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2004-05 | 3-13-3(2) | പൂർത്തിയാക്കിയ വേലക്ക് വീണ്ടും ചെലവ് | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 15 | 2004-05 | 3-13-3(3) | പ്രിന്റിംഗ് പ്രസ്സ് നിർവ്വഹണ രേഖയില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2003-04 | 3-13-16 | മരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 2-6 | 2005-06 | 2-88(2) | ടാർ വാങ്ങുന്നതിന് പിൻവലിച്ച<br>തുകയുടെ വിവരങ്ങൾ ഇല്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1997-98 | 3-9 | 2002-03 | 13.2 | ജനകീയാസൂത്രണപദ്ധതി - ചെലവുകൾ ഹാജരാക്കിയിട്ടില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 10 | 2003-04 | 3.13.17 | പ്രോജക്ട് നമ്പർ 2 എൽപി വിഭാഗം പഠന കേന്ദ്രം പ്രോജക്ട് തുടങ്ങുന്നതിനമുമ്പേ ചെലവഴിച്ച | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54527115 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47558823 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8037042 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 70768 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-18 | 1272360 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-19 | 100000 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-20 | 497000 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-21 | 300192 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-22 | 2500000 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-23 | 1908000 | ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി |
| 1-24 | 220000 | ശ്രീമതി. സുബിദ. കെ.എ ഹെഡ് മിസ്ട്രസ് |
| 1-25 | 212438 | ഡോ. അനുപമ. ഇ.സി, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-26 | 25900 | ശ്രീമതി. ഗീത കുമാരി. വി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 106128 | ശ്രീമതി. ഗീത കുമാരി. വി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 164256 | ശ്രീ. രസിത്ത്. കെ.എം, വി.ഇ.ഒ. കീഴല്ലൂർ സർക്കിൾ |
| 1-30 | 660000 | ബോബി. ആർ.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | 8037042 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സന്തോഷ് കുമാർ സെക്രട്ടറി | സെക്രട്ടറി, കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | കാനാടത്ത് ഹൗസ്, ചട്ടുകപ്പാറ പി.ഒ |
| ശ്രീമതി. സുബിദ. കെ.എ ഹെഡ് മിസ്ട്രസ് | വിരമിച്ചു | മുഹസിനാസ്, വള്ളിത്തോട്, പി.ഒ. ഇരിട്ടി |
| ഡോ. അനുപമ. ഇ.സി, മെഡിക്കൽ ഓഫീസർ ഹോമിയോ | ജി.എച്ച്.ഡി. പട്ടാമ്പി, പാലക്കാട് | ഇ. സി കോട്ടേജ്, കൊയിലാണ്ടി പി ഒ |
| ശ്രീമതി. ഗീത കുമാരി. വി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | അച്ചു നിവാസ്, വിളക്കോട്.പി.ഒ,670703 |
| ശ്രീ. രസിത്ത്. കെ.എം, വി.ഇ.ഒ. കീഴല്ലൂർ സർക്കിൾ | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് - ഇരിട്ടി | സാരംഗ്, പനോന്നേരി, കാടാച്ചിറ പി.ഒ |

| | | |
|---|---|---|
| ബോബി. ആർ.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂനിറ്റ്, കണ്ണൂർ | വൃന്ദാവൻ ഗാർഡൻസ്, പട്ടം പി.ഒ, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 2 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 1999-2000 പദ്ധതി വിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 2 |
| 1999-20 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 2 |
| 2000-01 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 2 |
| 2000-01 പദ്ധതി വിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 2 |
| 2000-01 വരവ് | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 3 |
| 2001-02 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |

| | | |
|---|---|---|
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 6 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 12 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 7 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 19 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 4 |
| 2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 1 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 4 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി10/1248/2022 തീയതി 10-10-2022 | 4 |
| 2019-20 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/1258/21 തീയതിഃ 23.12.2021 | 19 |
| 2020-21 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/1259/21 തീയതിഃ 24.12.2021 | 11 |
| 2021-22 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/1256/2022 തീയതിഃ 21.11.2022 | 41 |

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 62/23 dated 01-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Keezhallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keezhallur Grama Panchayat for the year 2022-2023

Date: 17/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Keezhallur Grama Panchayat for the Year 2022-2023.

**1.Major Observations**

1)1. Schedule B-1 is not incorporated in Annual Financial Statements

2)The asset register has not been prepared and kept up-to-date so as to verify the correctness of the amounts as per Schedule B-11 .

**2.Other Observations**

1 )The following mandatory financial statements prescribed in accounting rules are not submitted for audit.

a) Basic Ratios

2 )The total cash flow for the year in the cash flow statement does not match the amount shown in the statement as difference between opening balance and closing balance of cash and cash equivalents

3)Finance commission grant liability shown as per B-4 schedule does not match with grand account opened for the

specified grand account

4)There is no closing stock as per B_14 schedule

5)Unemployment allowance amount as per I-6 differs with the actual expense amount

6)The amount which has been recorded as stale cheque in B-9-Schedule (21061) of the Annual financial statement of which cheques valuing 13056 are stale cheques. It has not been transferred to the Panchayat Fund

7)Timely demand entry is not made in respect of tax and non tax revenue

8)Details of 224345 recorded as liability in B-4 schedule is not provided for verification

9) Documents to verify correctness of following liabilities in B-9 Schedule which shows the same balance as that of previous year is not provided . steps are not taken to remit liabilities such as govt dues and identify and adjust the other liabilites

a)Recoveries payable-VAT-1575,b)Govt. and other dues payable -VAT-30733,c))Govt. dues payable -service tax -65095,d))Govt. dues payable -flood cess-737,e)Refund payable-21460,f)Other creditors -8432,g) Recoveries payable -other recoveries from employees- 3428

10) Payment from distress relief account is not shown in the respective head in Receipt and Payment Statement

11)Provision is not provided for the arrear amount shown as per B-15 schedule

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

| Keezhallur Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 65907852.00 |
| Cash | Cash | RP-40(a) | 127750.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 4162648.00 |
| 140000000 | Fees & User Charges | RP-4 | 974014.00 |
| 150000000 | Sale & Hire Charges | RP-5 | 208116.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10232000.00 |
| 171000000 | Interest Earned | RP-9 | 1793864.00 |
| 190000000 | Prior Period Income | RP-11 | 213988.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 67715.00 |
| 311000000 | Earmarked Funds | RP-28 | 8436.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14225896.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 19887379.00 |
| 460000000 | Loans, Advances and Deposits | RP-49 | 1898.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 16850.00 |
| 340000000 | Deposits Received | RP-33 | 403017.00 |
| 350000000 | Other Liabilities | RP-35 | 2331294.00 |
| | Grand total | | 120562717.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 35200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7448519.00 |
| 460000000 | Loans, Advances and Deposits | RP-49 | 1042864.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 131935.00 |
| 350000000 | Other Liabilities | RP-35 | 38870305.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 72932931.00 |
| Cash | Cash | RP-40(b) | 70963.00 |
| | Grand Total | | 120562717.00 |

2. INCOME & EXPENDITURE STATEMEN T

| Keezhallur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 15492568.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 917864.00 |
| 140000000 | Fee & User Charges | I-4 | 1811208.00 |
| 150000000 | Sale & Hire Charges | I-5 | 209404.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137158574.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1793864.00 |
| 180000000 | Other Income | I-9 | 4360797.00 |
| 190000000 | Prior Period Income | I-19 | 214620.00 |
| | Total Income | | 161744279.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13334133.00 |
| 220000000 | Administrative Expenses | I-11 | 1184623.00 |
| 230000000 | Operations & Maintenance | I-12 | 1697216.00 |
| 240000000 | Interest & Finance Charges | I-13 | 7479.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5877516.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 20358973.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8711727.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 38129829.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 41457960.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 904107.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 2481.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 11886467.00 |
| | Total Expenditure | | 143552511.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 18191768.00 |
| | Gross Surplus / Deficit of income over Expenditure | | 18344675.00 |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18 | 61713.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 152907.00 |

3. BALANCE SHEET

| Keezhallur Grama Panchayat BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 96476867.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 112601.00 |
| 312000000 | Reserves | B-3 | 57451021.00 |
| | Total Reserve & Surplus | | 154040489.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6648908.00 |
| | Total Grants, Contributions for Specific Purposes | | 6648908.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 578643.00 |
| 341000000 | Deposits Works | B-8 | 232.00 |
| 350000000 | Other Liabilities | B-9 | 3788885.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4367760.00 |
| | TOTAL LIABILITIES | | 165057157.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 401063.00 |
| 412000000 | Capital Work in Progress | B-11(b) | 2357530.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1371229.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 14123217.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 103165234.00 |
| 416000000 | Accumulated Depreciation | B-11(a) | -43986253.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 77432020.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8277916.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 73003894.00 |
| 460000000 | Loans, Advances and Deposits | B-18 | 6323327.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 87605137.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 165057157.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ